***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി:28.02.2019

# കൈക്കൂലി വാങ്ങുന്നതിനിടെ അറസ്റ്റിലായ മുൻ പഞ്ചായത്ത് ഓവർസിയറെ രണ്ട് വർഷം കഠിന തടവിന് ശിക്ഷിച്ചു.

കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ മുഴുപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് മുൻ ഓവർസിയറെ രണ്ട് വർഷം കഠിന തടവിനും 20000/- രൂപ പിഴ അടക്കുന്നതിനും ശിക്ഷിച്ചു. മുഴുപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് മുൻ ഓവർസിയർ കണ്ണൂർ ജില്ലയിലെ മാമ്പ സ്വദേശിയായ സജീവനെയാണ് കുറ്റക്കാരനാണെന്ന് കണ്ട് തലശ്ശേരി വിജിലൻസ് കോടതി ജഡ്ജ് ശ്രീ.ബൈജു നാഥ് രണ്ട് വർഷം തടവിനും 20,000 /- രൂപ പിഴ ഒടുക്കുന്നതിനും വിധിച്ചത്. കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് ഓവർസിയറായി ജോലി നോക്കി വരവെ മുഴുപ്പിലങ്ങാടി സ്വദേശിയായ ശ്രീജിത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സജീവൻ 2000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് 09-01-2009 ൽ മുഴുപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ വെച്ച് പണം കൈമാറുന്നതിനിടെ കണ്ണൂർ വിജിലൻസ് യൂണിറ്റിന്റെ പിടിയിലാവുകയായിരുന്നു.

വിജിലൻസ് കണ്ണൂർ യൂണിറ്റ് മുൻ DySP ശ്രീ.പ്രദീപിന്റെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത് .മുൻ പോലീസ് ഇൻസ്പെക്ടർ ശ്രീ. സതീഷ് കുമാർ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസിൽ പ്രോസിക്യൂഷന് വേണ്ടി അഡിഷണൽ ലീഗൽ അഡ്വൈസർ ശ്രീ.ഷൈലജൻ ഹാജരായി .